റീ അലൈൻമെന്റ് സർവ്വേ നടത്തുകയും ബൈപ്പാസ് റോഡിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തുകഴിയുമ്പോൾ മണ്ണാർക്കാട് ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാകുന്നതാണ്.

ബേപ്പൂർ-ചെറുവണ്ണൂർ റോഡ്, മോഡേൺ-കൊളത്തറ റോഡ് എന്നിവയുടെ പരിഷ്ക്കരണ നടപടി

115 (2834) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ മണ്ഡലത്തിലെ ബേപ്പൂർ-ചെറുവണ്ണൂർ റോഡ്, മോഡേൺ-കൊളത്തറ റോഡ് എന്നിവയുടെ പരിഷ്ക്കരണ നടപടികൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാമോ എന്ന് വ്യക്തമാക്കാമോ ;

(ബി) റോഡിന്റെ നിർമ്മാണപ്രവർത്തനത്തിനാവശ്യമായ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) ഈ സാമ്പത്തികവർഷം തന്നെ നിർമ്മാണ പ്രവൃത്തി നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പ്രസ്തുത റോഡുകളുടെ പരിഷ്ക്കരണ പ്രവൃത്തികൾക്ക് ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ആവശ്യമായ ഫണ്ട് വകയിരുത്തിയശേഷം മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള കുടിശ്ശിക

116 (2835) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും കരാറുകാർക്ക് 2003 ജൂൺ 1 വരെ എത്ര തുക കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) 2001 മേയ് 17-ന് മുൻപ് ഇപ്രകാരം കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ടായിരുന്ന തുക എത്രയെന്ന് അറിയിക്കാമോ ;

(സി) കാരാറുകാർക്ക് നൽകിക്കഴിഞ്ഞ ചെക്കുകൾ മുഴുവൻ ക്യാഷ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര തുകയ്ക്കുള്ള ചെക്കുകളാണ് ഇനി ക്യാഷ് ചെയ്യുവാനുള്ളത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 7-6-2001 മുതൽ 31-3-2003 വരെ കരാറുകാർക്ക് കുടിശ്ശികയിനത്തിൽ 569,25,23,724 രൂപ കൊടുത്തു തീർക്കാനുണ്ട്. 1-4-2003 മുതലുള്ള കുടിശ്ശിക തുകയുടെ വിവരം സമാഹരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വരികയാണ്. ദേശീയപാതാ വിഭാഗത്തിൽ 2003 ജൂൺ 1 വരെ 163.92 ലക്ഷം രൂപയും കെട്ടിട വിഭാഗത്തിൽ ഏകദേശം 4000.93 ലക്ഷം രൂപയും കരാറുകാർക്ക് കുടിശ്ശികയിനത്തിൽ കൊടുത്തുതീർക്കാനുണ്ട്.

(ബി) 2001 മേയ് 17-ന് മുൻപ് റോഡുകളും പാലങ്ങളും വിഭാഗത്തിൽ 737,24,70,000 രൂപയും ദേശീയ പാതാ വിഭാഗത്തിൽ 555.66 ലക്ഷം രൂപയും കെട്ടിട വിഭാഗത്തിൽ 73.37 കോടി രൂപയും കുടിശ്ശികയിനത്തിൽ കരാറുകാർക്ക് കൊടുത്തു തീർക്കുവാനുണ്ടായിരുന്നു.

(സി) റോഡുകളും പാലങ്ങളും വിഭാഗത്തിലും ദേശീയ പാതാ വിഭാഗത്തിലും കരാറുകാർക്ക് നൽകിക്കഴിഞ്ഞ ചെക്കുകൾ മുഴുവൻ ക്യാഷ് ചെയ്തുകഴിഞ്ഞു. കെട്ടിട വിഭാഗത്തിൽ കോഴിക്കോട് സർക്കിളിൽ 8.07 ലക്ഷം രൂപയുടെ ചെക്കുകൾ യഥാസമയം ഹാജരാക്കാത്തതിനാൽ ക്യാഷ് ചെയ്തിട്ടില്ല.

കേരള ഹൈക്കോടതിക്കുവേണ്ടി നിർമ്മിക്കുന്ന കെട്ടിടം

117 (2836) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഹൈക്കോടതിക്കുവേണ്ടി എറണാകുളത്ത് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(ബി) ഈ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചതെന്നാണ് ;

(സി) ഇപ്പോൾ ഇതിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ഡി) ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്താമോ ;

(ഇ) പ്രസ്തുത കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം എത്രയാണ് ;

(എഫ്) നാളിതുവരെ ഇതിന്റെ നിർമ്മാണത്തിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 6,820 ലക്ഷം രൂപയാണ്.

(ബി) ഒന്നാംഘട്ട നിർമ്മാണം 4-10-1996-ലും രണ്ടാം ഘട്ട നിർമ്മാണം 17-11-1997-ലുമാണ് ആരംഭിച്ചത്.

(സി) അവസാനഘട്ടത്തിലാണ്.

(ഡി) ഈ വർഷം തന്നെ പൂർത്തിയാകുന്നതാണ്.

(ഇ) 52,260 ചതുരശ്രമീറ്റർ

(എഫ്) മാർച്ച് 2003 വരെ 50.32 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly